# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1508 14.6.2013-ൽ മറുപടിയ്ക്ക്
## കന്നുകാലി പ്രജനന നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ.രാജു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കന്നുകാലി പ്രജനന നയത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;എങ്കിൽ ഇതിന് ആധാരമായ വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) 2008 ലാണ് ഇപ്പോഴത്തെ പ്രജനന നയം നിലവിൽ വന്നത്. അതിന് ശേഷം സംസ്ഥാനത്തെ കാലാവസ്ഥ യിലും കന്നുകാലികളുടെ എണ്ണ ത്തിലും സാമൂഹിക സാമ്പത്തിക മേഖ ലകളിലുമൊക്കെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ പ്രജനന നയത്തിൽ മാറ്റങ്ങൾ ആവശ്യ മുണ്ടോ എന്ന് പരിശോധിച്ചു വരുന്നു. ഇതിനായി 15.2.2013 ലെ സ്റ്റേറ്റ് ലെവൽ റെഗുലേറ്ററി അതോറിറ്റി മീറ്റിങ്ങിന്റെ മിനിട്സിന്റെ അടിസ്ഥാനത്തിൽ 2013 ഏപ്രിൽ 24 ന് ഒരു ദേശീയസെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. പ്രസ്തുത സെമിനാറിൽ ഉരുത്തി രിഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ച് വരുന്നു. |
| ബി) നിലവിലുള്ള പ്രജനന നയം നിലവിൽ വന്നത് എപ്പോഴാണ്; ഈ നയമനുസരിച്ച് ബീജ ദാതാക്കളായി അംഗീകരിച്ചിട്ടുള്ള വിദേശജനുസ്സുകൾ ഏതെല്ലാം എന്നും ഇവയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കുമോ; | ബി) 2008 ലാണ് ഇപ്പോഴത്തെ പ്രജനന നയം നിലവിൽ വന്നത്. ഈ നയം അനുസരിച്ച് ബീജദാതാക്ക ളായി അംഗീകരിച്ചിട്ടുള്ള വിദേശ ജനു സ്സുകൾ ഹോൾസ്റ്റീഷ്യൻ ഫ്രീഷ്യൻ, ജഴ്സി എന്നിവയാണ്. ഇവയിൽ മാറ്റം വരുത്തുവാൻ തല്ക്കാലം ഉദ്ദേശിക്കു ന്നില്ല. |
| സി) കേരളത്തിന്റെ തനതായ ജനുസ്സുകളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ ? | സി) 1.കേരളത്തിന്റെ തനതുജനുസ്സുക ളായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, മറ്റ് നാടൻ ജനുസ്സുകൾ എന്നിവയുടെ സംരക്ഷണത്തിനും വ്യാപനത്തിനു മുള്ള പദ്ധതി കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കി വരുന്നു. സംസ്ഥാന ബജറ്റിൽ ഈ പദ്ധതി നട ത്തിപ്പിനായി 100 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്.കൂടാതെ ഇവയുടെ |

ശീതീകരിച്ച ബീജം ഇത്തരം പശുക്കളുള്ള പഞ്ചായത്തിലെ വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ എന്നിവരുടെ ആവശ്യാനുസരണം നൽകി വരുന്നു.

2.ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി തനതുജനുസ്സിൽ പ്പെട്ട കന്നുകാലികളുടെ ഗാഢ ശീതീകരിച്ച ബീജോൽപ്പാദനം വർദ്ധിപ്പിക്കുവാനായി കേന്ദ്ര സർക്കാർ 40 ലക്ഷം രൂപ കെ.എൽ.ഡി. ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Seela

**സെക്ഷൻ ഓഫീസർ**